പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 628 **13-10-2026-ൽ മറുപടിയ്ക്ക്**

എക്സൈസ് നിയമം കാലാനുസൃതമായി പരിഷ്കരിക്കുന്നത്

ചോദ്യം ഉന്നയിച്ച അംഗങ്ങൾ **മറുപടി നൽകിയ മന്ത്രി**

ശ്രീ. ടി. പി. അഷ്റഫലി ശ്രീ. എം. ലിജു
(സഹകരണ-എക്സൈസ് വകുപ്പ് മന്ത്രി)

(എ) എക്സൈസ് നിയമം കാലാനുസൃതമായി പരിഷ്കരിക്കണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇക്കാര്യം പരിഗണനയിലുണ്ടോ; വ്യക്തമാക്കുമോ;

മറുപടി: ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇക്കാര്യം സർക്കാരിന്റെ സജീവ പരിഗണനയിലാണ്.

(ബി) ശിക്ഷാനടപടികളിലെ പോരായ്മകൾ, ലഹരിപദാർത്ഥങ്ങളുടെ മാറുന്ന സ്വഭാവം, അധികാരവികേന്ദ്രീകരണം തുടങ്ങിയ പോരായ്മങ്ങൾ ഉള്ള നിലവിലെ എക്സൈസ് നിയമം കാലാനുസൃതമായി പരിഷ്കരിക്കേണ്ടതിന്റെ ആവശ്യകത പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കുമോ?

മറുപടി: നിലവിലുള്ള നിയമവ്യവസ്ഥകൾ കൂടുതൽ ഫലപ്രദമാക്കുന്നതിനും പുതിയ രീതിയിലുള്ള ലഹരി കുറ്റകൃത്യങ്ങളെ നേരിടുന്നതിനും കുറ്റാന്വേഷണവും ശിക്ഷാനടപടികളും ശക്തിപ്പെടുത്തുന്നതിനും ആവശ്യമായ നിയമഭേദഗതികൾ കൊണ്ടുവരുന്നതിനുള്ള സാധ്യത സർക്കാർ പരിശോധിച്ചു വരികയാണ്.

സെക്ഷൻ ഓഫീസർ